# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 457 27.09.2011 -ൽ മറുപടിയ്ക്ക്

## ഹരിതതീരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>,, എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മമ്മൂട്ടി | ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഹരിത തീരം പദ്ധതിയിൽ വനം വകുപ്പിന്റെ പങ്കാളിത്തം എപ്രകാരമാണ്; | എ) സുനാമി പുനരധിവാസ പദ്ധതിയിൽ പെടുത്തി കേരള വനം വകുപ്പ് നടപ്പാക്കിയ ഹരിതതീരം പദ്ധതിയിൽ സുനാമി, കടൽക്ഷോഭം, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിനായി കടൽ തീരങ്ങളിൽ കാറ്റാടി തൈകൾ നട്ടും, ജൈവകവചം നിർമ്മിച്ചും തീരപ്രദേശങ്ങളോട് ചേർന്ന് കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ചും തീരദേശവാസികൾക്ക് തടി, വിറക്, കാലതീറ്റ, ചെറുകിട തടിയുപയോഗം എന്നിവയ്ക്കായി അവരവരുടെ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കാനായി തേക്ക്, മഹാഗണി, ഉങ്ങ്എന്നിവ തീരദേശവാസികൾക്ക് വിതരണം ചെയ്തു. 2007-08-ൽ സംസ്ഥാനത്തെ 9 തീർദേശ ജില്ലകളിലായി 105 ഹെ.സ്ഥലത്ത് കാറ്റാടി തൈകളും 2.65 ഹെ .സ്ഥലത്ത് കണ്ടൽച്ചെടികളും നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2008-09-ൽ 58.40 ഹെ.സ്ഥലത്ത് കാറ്റാടിയും, 12 ഹെ സ്ഥലത്ത് കണ്ടലും നട്ടുപിടിപ്പിച്ചിട്ടുണ്ട്. 6.18 ലക്ഷം തൈകൾ ഫാം ഫോറസ്ട്രി സ്കീമിൽ വിതരണം ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതിക്കായി ഏതൊക്കെ ഇനത്തിൽപ്പെട്ട എത്ര തൈകളാണ് വനം വകുപ്പിൽ നിന്ന് തയ്യാറാക്കി നൽകിയത്; | ബി) | തേക്ക്, മഹാഗണി, ബദാം, പൂവരശ്, സ്ക്രൂപൈൻ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട 6.18 ലക്ഷം വൃക്ഷതൈകളാണ് വിതരണം ചെയ്തത്. |
| സി) | തുടർ പരിപാലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; | സി) | തദ്ദേശവാസികളെ ഉൾപ്പെടുത്തി ഉണ്ടാക്കിയ തീരസംരക്ഷണ വനവൽക്കരണ സമിതികൾ (TSVS) വഴി തുടർ പരിപാലനം നടത്തിവരുന്നു. |
| ഡി) | ഇതോടൊപ്പം തീരസംരക്ഷണത്തിന് അനുയോജ്യമായ കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നോ; എങ്കിൽ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട്. തീരദേശങ്ങളിൽ ലഭ്യമായതും, അനുയോജ്യവുമായ പ്രദേശങ്ങളിൽ കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2007-08 ൽ 2.65 ഹെ.സ്ഥലത്തും 2008-09 ൽ 12 ഹെ.സ്ഥലത്തും കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| ഇ) | ഹരിത തീരം പദ്ധതി പ്രകാരം വച്ചു പിടിപ്പിച്ച തൈകളുടെ അതിജീവന ശതമാനം എത്രയാണ്; | ഇ) | 2007-08 ൽ 80% ഉം 2008-09 ൽ 78% ഉം അതിജീവനം കണക്കാക്കിയിട്ടുണ്ട്. |
| എഫ്) | 2007-08, 2008-09 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം എവിടെയെല്ലാമാണ് തൈകൾ വച്ചുപിടിപ്പിച്ചത്; എന്തുതുക ആകെ ചെലവായി; എത്ര തൈകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ട്? | എഫ്) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ഒൻപത് ജില്ലകളിൽ 2007-08, 2008-09, 2009-10 വർഷങ്ങളിലായി 163.40 ഹെ. സ്ഥലത്തു കാറ്റാടി തൈകൾ വച്ചു പിടിപ്പിച്ചു ജൈവകവചം ഉണ്ടാക്കി. 14.65 ഹെ. സ്ഥലത്തു കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കുകയും ചെയ്തു. ആയതിന് 355.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2007-08 ൽ 80 ശതമാനം തൈകളുടെയും 2008-09 ൽ 78 ശതമാനം തൈകളുടെയും അതിജീവനം കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ